**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5293** **02.07.2013 ലെ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.-യുടെ വിദ്യാർത്ഥികൾക്കുള്ള സമ്പാദ്യ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.വി. അബ്ദുൾ ഖാദർ** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ സമ്പാദ്യശീലം വളർത്തുന്നതിനുവേണ്ടി കെ.എസ്.എഫ്.ഇ.യുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | സ്കൂൾ വിദ്യാർത്ഥികളുടെ സമ്പാദ്യശീലം വളർത്തുന്നതിനുവേണ്ടി പ്രൊഫഷ്ണൽ എഡ്യു കെയർ ചിട്ടി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | തുടക്കമെന്നനിലയിൽ കെ.എസ്.,എഫ്.ഇയുടെ 7 മേഖലകളിലും, ഓരോ സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | കെ.എസ്.എഫ്.ഇ.യുടെ എല്ലാ ബ്രാഞ്ചുകളിലും വിദ്യാർത്ഥികൾക്കുള്ള സമ്പാദ്യ പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദ മാക്കുമോ; | (സി) | ഒരു പുതിയ പദ്ധതിയായതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന ശാഖകളിൽ നിന്നുള്ള പ്രതി കരണം അറിഞ്ഞതിനുശേഷം മറ്റു ശാഖകളിലും വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | കെ.എസ്.എഫ്.ഇ. ജീവനക്കാർ സ്കൂളിലെത്തി കുട്ടികളുടെ സമ്പാദ്യ പദ്ധതിയിലേക്കുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കെ.എസ്.എഫ്.ഇ. ജീവനക്കാർ സ്കൂളിലെത്തി ഈ പദ്ധതിയിലേക്കുള്ള തുകകൾ സമാഹരിക്കുന്ന വിധത്തിലാണ് ഈ പദ്ധതി ഇപ്പോൾ ആസൂത്രണം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.